I ഇ.ബി. XIV-കേരള നിയമസഭ/XVI-6

# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2019 നവംബർ 04, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

യു.എ.പി.എ. ചുമത്തി അറസ്റ്റ് ചെയ്ത സംഭവം

മി. സ്പീക്കർ: കോഴിക്കോട് പന്തീരാങ്കാവിൽ മാവോയിസ്റ്റ് ലഘുലേഖ കൈവശം വച്ചു എന്നാരോപിച്ച് രണ്ട് വിദ്യാർത്ഥികളെ യു.എ.പി.എ. ചുമത്തി കോഴിക്കോട് പോലീസ് അറസ്റ്റ് ചെയ്ത ഭരണകൂട ഭീകരതമൂലം പൊതുസമൂഹത്തിൽ ഉളവായിട്ടുള്ള അരക്ഷിതാവസ്ഥയും ആശങ്കയും

സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, ടി. എ. അഹമ്മദ് കബീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മാവോയിസ്റ്റ് പ്രവർത്തകരാണെന്ന ധാരണയിലാണ് അലൻ ഷുഹൈബ്, താഹ ഫസൽ എന്നിവരെ നവംബർ 1-ാം തീയതി വൈകുന്നേരം അറസ്റ്റ് ചെയ്തതെന്നും കൂടെയുണ്ടായിരുന്ന ഒരാൾ ഓടിപ്പോയെന്നുമാണ് പോലീസ് റിപ്പോർട്ട്. ഇവരുടെ കൈവശമുണ്ടായിരുന്ന ബാഗും മോട്ടോർസൈക്കിളും കസ്റ്റഡിയിലെടുത്ത് യു.എ.പി.എ.-ലെ വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. അന്നേ ദിവസം രാത്രി അലൻ ഷുഹൈബിന്റെ വീട് അയൽവാസികളായ സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്തി ഒരു ഫോൺ കണ്ടെത്തിയിട്ടുണ്ട്. താഹ ഫസലിന്റെ വീട് പരിശോധിച്ചപ്പോൾ മാവോയിസ്റ്റ് അനുകൂല പുസ്തകങ്ങൾ, ലഘുലേഖകൾ, ബാനറുകൾ, മെമ്മറി കാർഡുകൾ, ലാപ്ടോപ് മുതലായവ കണ്ടെത്തുകയും കോടതി റിമാൻഡ് ചെയ്ത് ഇവർ ജൂഡീഷ്യൽ കസ്റ്റഡിയിൽ

കഴിഞ്ഞുവരികയുമാണ്. മാവോയിസ്റ്റ് പോലീസ് ഏറ്റുമുട്ടലിനെതിരെ പ്രതിഷേധിച്ചവരെയാണ് പാലക്കാട് അറസ്റ്റ് ചെയ്തതെന്ന ആരോപണം വസ്തുതാപരമല്ല. യു.എ.പി.എ. നിയമം ദുരുപയോഗപ്പെടുത്തുന്നത് സർക്കാർ അംഗീകരിക്കുകയില്ല. ഈ സംഭവത്തിൽ കൃത്യമായ പരിശോധന നടത്തി മാത്രമേ സർക്കാർ മുന്നോട്ടുപോകുകയുള്ളൂ. നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> യു.എ.പി.എ. നിയമത്തിന്റെ അടിസ്ഥാനത്തിൽ അറസ്റ്റ് ചെയ്യണമെങ്കിൽ സർക്കാർ ചില നിബന്ധനകൾ പാലിക്കണം. കേന്ദ്രസർക്കാർ കൊണ്ടുവന്ന ഭേദഗതിയുടെ അടിസ്ഥാനത്തിലാണ് ഇവർക്കെതിരെ യു.എ.പി.എ. ചുമത്തിയിരിക്കുന്നത്. പോലീസ് വകുപ്പിന്റെ കെടുകാര്യസ്ഥതയാണ് ഈ അറസ്റ്റിലൂടെ തെളിഞ്ഞിരിക്കുന്നത്. യു.എ.പി.എ. നിയമം ദുരുപയോഗം ചെയ്ത് മതിയായ തെളിവുകളില്ലാതെയാണ് വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്ത് ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടത്. ഗുരുതരമായ ഈ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരം നിയമങ്ങൾ ദുരുപയോഗപ്പെടുത്താതിരിക്കാൻ കർശന നടപടികളാണ് സ്വീകരിച്ചുവരുന്നത്. ജില്ലാ പോലീസ് മേധാവിയുടെ അനുമതിയോടുകൂടി മാത്രമേ യു.എ.പി.എ. ചുമത്താൻ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി അദ്ധ്യക്ഷനും നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, ഇന്റേണൽ സെക്യൂരിറ്റി ഐ.ജി എന്നിവർ അംഗങ്ങളുമായി രൂപീകരിച്ചിട്ടുള്ള അതോറിറ്റിയുടെ ശിപാർശ പ്രകാരം മാത്രമേ യു.എ.പി.എ. കേസ്സുകളിൽ പ്രോസിക്യൂഷൻ അനുമതി നൽകുകയുള്ളൂ. യു.എ.പി.എ. കേസുകൾ പോലീസ് മേധാവിതലത്തിൽ പരിശോധിച്ചതിനുശേഷമാണ് പ്രോസിക്യൂഷൻ അനുമതിക്കായി സമർപ്പിക്കപ്പെടുന്നത്. യു.എ.പി.എ. നിയമം ഏതെങ്കിലും ഉദ്യോഗസ്ഥർ തെറ്റായി പ്രയോഗിച്ചിട്ടുണ്ടെങ്കിൽ സർക്കാർ ന്യായീകരിക്കുകയില്ല. മാവോയിസ്റ്റുകളെ ന്യായീകരിക്കാൻ പ്രതിപക്ഷം നടത്തുന്ന ശ്രമം പ്രതിഷേധാർഹമാണ്. ഈ വിഷയത്തിൽ ജസ്റ്റിസ് ഗോപിനാഥൻ കമ്മിറ്റി റിപ്പോർട്ടിന്റെയും മജിസ്റ്റീരിയൽ അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ ആവശ്യമായ നടപടി

സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) മയക്കുമരുന്നുവ്യാപാരം തടയുന്നതിന് കർമ്മപദ്ധതി

ശ്രീ. കെ. സുരേഷ് കുറുപ്പ്: സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മയക്കുമരുന്നു വ്യാപാരം തടയുന്നതിന് കർമ്മപദ്ധതി രൂപീകരിക്കാനും വിദ്യാർത്ഥികൾക്കിടയിലെ മയക്കുമരുന്ന് ഉപഭോഗവും വിതരണവും തടയാനും നടപടി സ്വീകരിക്കണം. സ്കൂൾ/കോളേജ് പരിസരങ്ങൾ, മയക്കുമരുന്ന് കടത്തുന്ന എൻട്രി പോയിന്റുകൾ തുടങ്ങിയവ പരിശോധിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. എക്സൈസ്, പോലീസ്, വിദ്യാഭ്യാസ വകുപ്പുകളുടെ സംയുക്ത

പ്രവർത്തനത്തിലൂടെ 'വിമുക്തി' പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനും എൻ.ഡി.പി.എസ്. ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്താൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താനും നടപടിയുണ്ടാകണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): കെമിക്കലുകൾ ഉൾപ്പെടെയുള്ള മയക്കുമരുന്നുകൾ ഓൺലൈനായി ലഭ്യമാകുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അവ പിടിച്ചെടുക്കുകയും ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മയക്കുമരുന്ന് വ്യാപനം തടയാനുള്ള പ്രവർത്തനം എക്സൈസ് വകുപ്പ് 'വിമുക്തി' മിഷന്റെ ആഭിമുഖ്യത്തിൽ ബഹുജന പിന്തുണയോടെ നടപ്പിലാക്കി വരുന്നുണ്ട്. 'നാളത്തെ കേരളം ലഹരിമുക്ത കേരളം' എന്ന തീവ്ര ലഹരിവിരുദ്ധ പരിപാടിക്ക് 'വിമുക്തി' മിഷൻ രൂപം നൽകിയിട്ടുണ്ട്. സോഷ്യൽ മീഡിയയിലുൾപ്പെടെ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് പ്രചാരണം നിയന്ത്രിക്കുന്നതിന് എക്സൈസ് വകുപ്പിൽ സൈബർ സെൽ രൂപീകരിച്ചിട്ടുണ്ട്. അന്താരാഷ്ട്ര ബന്ധമുള്ള മയക്കുമരുന്ന് കേസുകൾ കൈകാര്യം ചെയ്യുന്നതിന് കേന്ദ്രഗവൺമെന്റിന്റെ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ, ഇന്റലിജൻസ് ഏജൻസി തുടങ്ങിയവയുടെ സഹായം തേടുന്നുണ്ട്. ജനമൈത്രി എക്സൈസ്

സ്ക്വാഡുകളും ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് വകുപ്പിൽ പ്രവർത്തിക്കുന്നുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തരം ലഹരിവിരുദ്ധ പ്രചരണ പരിപാടികൾ ആവിഷ്ക്കരിക്കുകയും എൻ.ഡി.പി.എസ്. അടക്കമുള്ള കേസുകളുടെ അന്വേഷണച്ചുമതല എക്സൈസ് വകുപ്പിന് കീഴിലുള്ള ക്രൈംബ്രാഞ്ചിന് കൈമാറാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(2) കായികാദ്ധ്യാപകരുടെ പ്രശ്നങ്ങൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: യു.പി. വിഭാഗത്തിൽ 200 കുട്ടികൾക്ക് ഒരു കായികാദ്ധ്യാപകൻ എന്ന നിലയിൽ പുനർനിർണ്ണയം നടത്തുന്നതിനും യുക്തമായ അനുപാതം നിശ്ചയിച്ച് ഹയർ സെക്കണ്ടറി വിഭാഗത്തിൽ കായികാദ്ധ്യാപകരെ നിയമിക്കുന്നതിനും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ ജനറൽ കാറ്റഗറിയിലേയ്ക്ക് മാറ്റുന്നതിനും നടപടി സ്വീകരിക്കണം.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): കെ.ഇ.ആർ. പ്രകാരം കായികാദ്ധ്യാപകരെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 2017-18 അധ്യയന വർഷം തസ്തിക നഷ്ടംമൂലം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ പുറത്തുപോകുന്നത് ഒഴിവാക്കാനായി യു.പി. വിഭാഗത്തിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:300 ആയി

പുന:ക്രമീകരിക്കുകയും ടി അനുപാതം കണക്കാക്കുമ്പോൾ തസ്തിക നഷ്ടപ്പെടുന്നവർക്ക് പ്രസ്തുത സ്കൂളിലെ എൽ.പി. വിഭാഗംകൂടി കണക്കിലെടുത്ത് സംരക്ഷണം നൽകാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. കായികാദ്ധ്യാപകരുടെ മറ്റ് ആവശ്യങ്ങൾ സംബന്ധിച്ച പ്രൊപ്പോസൽ പരിശോധനയിലാണ്. കുട്ടികളുടെ കായികശേഷി തിരിച്ചറിഞ്ഞ് വികസിപ്പിക്കുന്നതിന് "ചൈൽഡ് സെന്റേർഡ് ലേണിംഗ്" വഴി നടപടി സ്വീകരിക്കുന്നുണ്ട്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): അടുത്ത അധ്യയന വർഷം മുതൽ വിദ്യാർത്ഥികൾക്ക് യോഗ പരിശീലനം നൽകുന്നതിനും കുട്ടികളുടെ കായിക പരിശീലനത്തിനുള്ള സ്കോളർഷിപ്പ് 2020 ജനുവരി 1 മുതൽ അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് നിക്ഷേപിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## III സബ്മിഷൻ

### (1) ദേശീയപാത 766-ലെ യാത്രാനിരോധനം

ശ്രീ. സി. കെ. ശശീന്ദ്രൻ: കോഴിക്കോട് - കൊല്ലഗൽ ദേശീയപാത 766-ലെ യാത്രാനിരോധനം ഒഴിവാക്കുന്നതിനാവശ്യമായ നടപടി

സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): ദേശീയപാത 766-ലൂടെയുള്ള രാത്രികാല യാത്രാനിരോധനം സംബന്ധിച്ച് സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ ഫയൽ ചെയ്ത കേസിൽ കോടതിയുടെ നിർദ്ദേശപ്രകാരം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച കമ്മിറ്റി രാത്രികാല യാത്ര പുന:സ്ഥാപിക്കാനായി സമർപ്പിച്ച നിർദ്ദേശങ്ങളിലുൾപ്പെടുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായി വരുന്ന 500 കോടി രൂപയുടെ അൻപത് ശതമാനം സംസ്ഥാന സർക്കാർ വഹിക്കാമെന്ന് അറിയിക്കുകയും നടപ്പുവർഷത്തെ ബഡ്ജറ്റിൽ 250 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ടി നിർദ്ദേശങ്ങളെ എതിർക്കുന്ന നിലപാടാണ് സ്വീകരിച്ചത്. ദേശീയപാത 766-ലെ യാത്രാനിരോധനം ഒഴിവാക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിന് വീണ്ടും നിവേദനം സമർപ്പിച്ചിട്ടുണ്ട്.

(2) സ്ഥലമെടുപ്പ് പാക്കേജ്

ശ്രീ. എസ്. ശർമ്മ: വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ

സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനും പുനരധിവാസ പാക്കേജ് പ്രാവർത്തികമാക്കാനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ഐ.സി.ടി.ടി. വല്ലാർപാടം പദ്ധതിക്കുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് സർക്കാർ പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. കുടിയൊഴിപ്പിക്കപ്പെട്ട 315 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ച് പട്ടയം വിതരണം ചെയ്യുകയും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും അർഹതപ്പെട്ടവർക്ക് വാടകയിനത്തിൽ നൽകാനുള്ള മുഴുവൻ തുകയും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പുനരധിവാസ പാക്കേജിന്റെ പുരോഗതി നിരീക്ഷിക്കുന്നതിനുള്ള മോണിറ്ററിംഗ് കമ്മിറ്റി റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടി സ്ഥിതിഗതികൾ വിലയിരുത്തുന്നുണ്ട്. പുനരധിവാസ പ്രദേശങ്ങളിൽ വെള്ളക്കെട്ടുണ്ടെന്ന പരാതികൾ പൂർണ്ണമായും തീർപ്പാക്കിയിട്ടുണ്ട്. പാക്കേജുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(3) ശമ്പള വിതരണം

ശ്രീ. വി. എസ്. ശിവകുമാർ: കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം, ശമ്പള പരിഷ്കരണം, പ്രൊമോഷൻ, മെഡിക്കൽ ഇൻഷ്വറൻസ് തുടങ്ങിയവ അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സാമ്പത്തിക പ്രതിസന്ധിയിലായ കെ.എസ്.ആർ.ടി.സി.-യുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. 2800-ഓളം വരുന്ന എംപാനൽ ഡ്രൈവർമാരെ പിരിച്ചുവിട്ടതിന്റെ ഫലമായി പ്രതിദിന കളക്ഷനിൽ കുറവുണ്ടായിട്ടുണ്ട്. ഈ മാസത്തെ ശമ്പളം അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പ്രതിവർഷം സർക്കാർ അനുവദിക്കുന്ന 1000 കോടി രൂപയിൽ നിന്നാണ് സഹകരണ സ്ഥാപനങ്ങൾ വഴി നിലവിൽ പെൻഷൻ നൽകുന്നത്. 2019 ആഗസ്റ്റ് മാസം മുതൽ വിരമിച്ച ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് എൽ.ഐ.സി. പ്രീമിയം ഇനത്തിൽ കുറവ് വരുത്തിയ തുക ഒറ്റത്തവണയായി അനുവദിച്ച് വിരമിക്കുന്നവരുടെ ബാധ്യതകൾ തീർത്തുവരികയാണ്. ജീവനക്കാരുടെ ആവശ്യങ്ങൾ സംബന്ധിച്ച് തൊഴിലാളി

സംഘടനകളുമായി ചർച്ച നടത്തുന്നതിന് സർക്കാർ തയ്യാറാണ്. തൊഴിലാളികളുടെ പ്രശ്നങ്ങൾ മുഖ്യമന്ത്രിയുടേയും ധനകാര്യ വകുപ്പുമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തി രമ്യമായി പരിഹരിക്കുന്നതിന് ശ്രമിക്കുന്നതാണ്.

(4) റോഡ് പുനർനിർമ്മാണ ഫണ്ട്

ശ്രീ. പി. വി. അൻവർ: ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ടിന്റെ ഭാഗമായുള്ള നാടുകാണി-വടപുറം റോഡ് പുനർനിർമ്മാണത്തിന് ഫണ്ട് അനുവദിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ഡി.എഫ്.ഐ.പി.-യിൽ ഉൾപ്പെട്ട മലപ്പുറം നാടുകാണി-പരപ്പനങ്ങാടി റോഡിനും മറ്റ് പ്രവൃത്തികൾക്കുമായി 2018-19 വർഷത്തിൽ 120 കോടി രൂപയും 2019-20 വർഷത്തിൽ 169 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. റോഡ് ഉപരിതലമുയർത്തുന്നതിനുള്ള പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കി വരികയാണ്. എസ്റ്റിമേറ്റ് സഹിതം പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്നതും അധികതുക ആവശ്യമുള്ളപക്ഷം പദ്ധതിപ്രകാരമുള്ള നിർമ്മാണ പ്രവൃത്തി നടപ്പിലാക്കുന്നതുമാണ്.

## (5) റോഡ് നിർമ്മാണം

ശ്രീ. എം. ഉമ്മർ: വഴിക്കടവ് മുതൽ മഞ്ചേരി ബൈപ്പാസ് വരെയുള്ള റോഡ് നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതിയിലുൾപ്പെടുത്തി വഴിക്കടവ് മുതൽ മഞ്ചേരി ബൈപ്പാസ് വരെയുള്ള റോഡ് നിർമ്മാണത്തിനായി 2015-ൽ 450 കോടി രൂപയുടെ ഭരണാനുമതിയും 400 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. നാറ്റ്പാക്കിന്റെയും നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെയും ഡിസൈനിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തികൾ തുടർന്നുവരികയായിരുന്നു. 2019-ലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ വഴിക്കടവ് മുതൽ മഞ്ചേരി ബൈപ്പാസ് വരെയുള്ള റോഡിന്റെ പ്രവൃത്തികൾകൂടി ഉൾപ്പെടുത്താൻ തീരുമാനിക്കുകയും 450 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയത് ചീഫ് എഞ്ചിനീയർ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്.

## (6) മെഡിക്കൽ കോളേജ് യൂണിയൻ ഉദ്ഘാടനം

ശ്രീ. കെ. ജെ. മാക്സി: പാലക്കാട് മെഡിക്കൽ കോളേജ് യൂണിയൻ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് നടൻ ബിനീഷ് ബാസ്റ്റിനെ അപമാനിച്ചവർക്കെതിരെ നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജ് യൂണിയൻ ഉദ്ഘാടനത്തിന് അതിഥിയായി പങ്കെടുത്ത സംവിധായകൻ അനിൽ രാധാകൃഷ്ണ മേനോൻ മറ്റൊരതിഥിയായ നടൻ ബിനീഷ് ബാസ്റ്റിനൊപ്പം വേദി പങ്കിടാൻ സാധിക്കില്ലെന്ന് കോളേജ് യൂണിയൻ ചെയർമാന് നൽകിയ വിശദീകരണത്തിൽ വ്യക്തമാക്കിയിരുന്നു. യോഗത്തിന്റെ സുഗമമായ നടത്തിപ്പിന് പരിപാടികളുടെ സമയക്രമം പുനർനിശ്ചയിക്കുകയും അതിഥികളുടെ സമ്മതം വാങ്ങുകയും ചെയ്തിരുന്നുവെങ്കിലും മാഗസിൻ പ്രകാശന ചടങ്ങിൽ അനിൽ രാധാകൃഷ്ണ മേനോൻ സംസാരിക്കുമ്പോൾ ബിനീഷ് ബാസ്റ്റിൻ വേദിയിൽ പ്രതിഷേധവുമായി എത്തുകയാണുണ്ടായത്. ഇക്കാര്യത്തിൽ അനിൽ രാധാകൃഷ്ണ മേനോനും മെഡിക്കൽ കോളേജ്

പ്രിൻസിപ്പലും ഖേദപ്രകടനങ്ങൾ നടത്തുകയും പ്രശ്നം രമ്യമായി പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

## (7) റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്

ശ്രീ. കെ. എം. ഷാജി: കണ്ണൂർ സിറ്റി ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കുമ്പോൾ വീടും കച്ചവടസ്ഥാപനങ്ങളും നഷ്ടപ്പെടുന്നവർക്ക് അർഹമായ ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കണ്ണൂർ നഗരപാതാ വികസന പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലയിലെ 11 റോഡുകളുടെ വികസനത്തിന് കേരള റോഡ് ഫണ്ട് ബോർഡ് ചുമതലപ്പെടുത്തിയ പ്രകാരം എൽ. & ടി. ഇൻഫ്രാസ്ട്രക്ച്ചർ എഞ്ചിനീയറിംഗ് ലിമിറ്റഡ് ഡി.പി.ആർ. തയ്യാറാക്കി 2012-ൽ സമർപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ഭൂമി ഏറ്റെടുക്കുന്നതിനായി 337.648 കോടി രൂപയുടെ ഭരണാനുമതി നൽകുകയും റവന്യൂ വകുപ്പ് വിജ്ഞാപനമിറക്കി സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ആൻഡ് എൻവയോൺമെന്റൽ സ്റ്റഡീസ് സോഷ്യൽ ഇംപാക്ട് പഠനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. നഷ്ടപരിഹാരം

സംബന്ധിച്ച സോഷ്യൽ ഇംപാക്ട് അസസ്സ്മെന്റ് സ്റ്റഡി നടത്താൻ വിദഗ്ദ്ധ സമിതിയെ ഏൽപ്പിച്ചിട്ടുണ്ട്. വീടുകളും കച്ചവട സ്ഥാപനങ്ങളും നഷ്ടപ്പെടുന്നവരുടെയും തൊഴിലാളികളടക്കമുള്ളവരുടെയും പ്രശ്നങ്ങൾ പരിഗണിച്ച് പരമാവധി നഷ്ടപരിഹാരം നൽകുന്നതാണ്.

## (8) റോഡുകൾ പുതുക്കിപ്പണിയൽ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: പെരുമ്പാവൂർ മണ്ഡലത്തിലെ റോഡുകൾ പുതുക്കിപ്പണിയുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കാലാവസ്ഥാ വ്യതിയാനംമൂലമുള്ള മഴയെത്തുടർന്ന് റോഡ് നിർമ്മിക്കാൻ കഴിയാത്ത സാഹചര്യമാണ് സംസ്ഥാനത്തുള്ളത്. റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി എസ്.എൽ.ടി.എഫ്.-ൽപ്പെടുത്തി അനുവദിച്ച തുക തികയാതെ വന്നാൽ ബാക്കി പണം അനുവദിക്കുന്നതാണ്. ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കാത്ത കോൺട്രാക്ടർമാരുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതാണ്. പെരുമ്പാവൂർ മണ്ഡലത്തിലെ റോഡുകൾ ഉപയോഗശൂന്യമായതിനുള്ള കാരണം പരിശോധിക്കുന്നതാണ്.

(9) തൊഴിൽ സുരക്ഷിതത്വവും വേതനവും

ശ്രീ. പി. കെ. ശശി: പൊതുവിദ്യാലയങ്ങളിൽ ജോലി ചെയ്യുന്ന റിസോഴ്സ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികളെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനായി എസ്.എസ്.കെ. നിയമിച്ചിട്ടുള്ള റിസോഴ്സ് അദ്ധ്യാപകരെ അതാത് അദ്ധ്യയനവർഷം കരാർ അടിസ്ഥാനത്തിൽ പ്രതിമാസ വേതനം നിശ്ചയിച്ച് നിയമിക്കാനാണ് എം.എച്ച്.ആർ.ഡി. വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിശ്ചിത യോഗ്യതയും സർവ്വീസുമുള്ള റിസോഴ്സ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്നതിന് തയ്യാറാക്കുന്ന സ്കീമിൽ റെഗുലർ ടീച്ചേഴ്സിന് നൽകുന്ന വേതനവും മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും ഉൾപ്പെടുത്തണമെന്നും സ്കീം തയ്യാറാക്കുന്നതുവരെ യോഗ്യതയുള്ള റിസോഴ്സ് അദ്ധ്യാപകരെ പിരിച്ചുവിടരുതെന്നുമുള്ള റിട്ട് ഹർജിയിന്മേൽ ഹൈക്കോടതി അന്തിമവിധി പുറപ്പെടുവിക്കുന്നതനുസരിച്ച് തീരുമാനമെടുക്കുന്നതാണ്.

(10) പകർപ്പവകാശം

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സംസ്ഥാനത്തെ പാഠപുസ്തകങ്ങൾ

ഉദാരമായ പകർപ്പവകാശത്തിലൂടെ സ്വതന്ത്ര സോഫ്റ്റ്വെയർ സംവിധാനമായ യൂണീകോഡ് മുഖേന തയ്യാറാക്കാൻ നടപടി സ്വീകരിക്കണം.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): എസ്.സി.ഇ.ആർ.ടി. തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള കേരള സ്കൂൾ സിലബസ് പ്രകാരമുള്ള പാഠപുസ്തകങ്ങൾ സമഗ്ര ഓൺലൈൻ വിദ്യാഭ്യാസ പോർട്ടലിലും എസ്.സി.ഇ.ആർ.ടി.-യുടെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുകയും ഓരോ ടെക്സ്റ്റിലും ഓരോ പാഠങ്ങളിലും ക്യൂ.ആർ. കോഡ് അടക്കം നൽകുകയും പാഠപുസ്തകങ്ങൾ സമയബന്ധിതമായി സ്കൂളുകളിൽ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. നിലവിൽ പാഠപുസ്തകങ്ങളുടെ പകർപ്പവകാശം സർക്കാരിലാണ് നിക്ഷിപ്തമാക്കിയിട്ടുള്ളത്.

## IV വ്യക്തിപരമായ വിശദീകരണം

### ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി നടത്തിയ പരാമർശം

ശ്രീ. കെ. എം. ഷാജി: 31-10-2019-ന് നിയമസഭയിൽ അടിയന്തരപ്രമേയ ചർച്ചാവേളയിൽ മറുപടി പറയുമ്പോൾ എന്റെ പേര് ഉദ്ധരിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി നടത്തിയ ആക്ഷേപകരമായ പരാമർശം സഭാരേഖയിൽനിന്ന് നീക്കം ചെയ്യരുതെന്നും എന്റെ വിശദീകരണം

സഭാരേഖകളിൽ ഉൾപ്പെടുത്തണമെന്നും അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ കെ. ടി. ജലീൽ): എന്റെ പരാമർശം ബഹുമാനപ്പെട്ട അംഗത്തിന് പ്രയാസമുണ്ടാക്കിയിട്ടുണ്ടെങ്കിൽ പിൻവലിക്കുന്നു; അതിൽ ഖേദിക്കുന്നു.

## V റിപ്പോർട്ടുകളുടെ സമർപ്പണം

(1) 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VI നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

(ii) 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലും 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലും അവതരിപ്പിക്കുന്നു. ഓർഡിനൻസുകൾ പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റുകളും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): 2019-ലെ

സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലും 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലും വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: I move that -

" This House resolves to disapprove The University Laws (Amendment) Ordinance, 2019 (Ordinance No.34 of 2019)" .

ഉന്നതവിദ്യാഭ്യാസ മേഖല ഇന്ന് വിവാദങ്ങളുടെ പിടിയിലകപ്പെട്ടിരിക്കുകയാണ്. രജിസ്ട്രാർ, ഫൈനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ തസ്തികകളിലേയ്ക്ക് ഇന്റർവ്യൂ നടത്തി റെഗുലറൈസ് ചെയ്തവരെ രാഷ്ട്രീയപ്രേരിതമായി മാറ്റി മറ്റുള്ളവരെ നിയമിച്ചതിനാൽ അവർക്ക് മാതൃസ്ഥാപനങ്ങളിലേയ്ക്ക് മടങ്ങിപ്പോകാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

സർവ്വകലാശാലകളെ പിടിച്ചെടുക്കാനുള്ള സർക്കാർ നീക്കത്തെ ശക്തമായി എതിർക്കേണ്ടതുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടക്കുന്ന തെറ്റായ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയെ തകർക്കുമെന്ന കാര്യത്തിൽ സംശയമില്ല.

ശ്രീ. ടി. വി. ഇബ്രാഹിം: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. സർവ്വകലാശാലകളെ തങ്ങളുടെ വരുതിയിൽ കൊണ്ടുവരുന്നതിനുവേണ്ടി രൂപപ്പെടുത്തിയിരിക്കുന്ന ബില്ലാണിത്. യൂണിവേഴ്സിറ്റികളിലെ രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫൈനാൻസ് ഓഫീസർ തസ്തികകളുടെ കാലാവധി നാല് വർഷമായി നിജപ്പെടുത്തുകയാണ് ബില്ലുകൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്. യോഗ്യതയില്ലെന്ന കാരണത്താൽ സർവ്വകലാശാല രജിസ്ട്രാർമാരെ പിരിച്ചുവിടുകയും മതിയായ യോഗ്യതയില്ലാത്തവരെ നിയമിക്കുകയും ചെയ്യുന്ന നടപടി തിരുത്തപ്പെടണം. സർവ്വകലാശാലകളുടെ സ്വയംഭരണാവകാശത്തെ തകർക്കുന്ന ഇടപെടലുകളാണ് വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകുന്നത്. കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ പഠനബോർഡുകൾ പുനഃസംഘടിപ്പിക്കുന്നതിനും അദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനും നടപടി സ്വീകരിക്കണം. സർവ്വകലാശാലകളിലെ

പഠനനിലവാരം മെച്ചപ്പെടുത്തുകയും പരീക്ഷാ നടത്തിപ്പ് കുറ്റമറ്റതാക്കുകയും ചെയ്യണം. ഉന്നതവിദ്യാഭ്യാസ രംഗത്ത് പിന്നോക്കം നിൽക്കുന്ന മലപ്പുറം ജില്ലയിൽ പുതിയ കോളേജുകളും കോഴ്സുകളും അനുവദിക്കണം.

ശ്രീ. ടി. എ. അഹമ്മദ് കബീറിനുവേണ്ടി ശ്രീ. എൻ. ഷംസുദ്ദീൻ: 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 11-06-2020 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫൈനാൻസ് ഓഫീസർ എന്നിവരുടെ കാലാവധി നാല് വർഷമാക്കി നിജപ്പെടുത്തുന്ന ഭേദഗതിയിലൂടെ സർവ്വകലാശാലകളുടെ നിലവാരം തകരുകയും ഉന്നതവിദ്യാഭ്യാസ രംഗത്ത് അരക്ഷിതാവസ്ഥ ശക്തിപ്പെടുകയും ചെയ്യും. അറബിക് സർവ്വകലാശാല സ്ഥാപിക്കുന്നതിനും 2013-2014 വർഷത്തിൽ എയ്ഡഡ് കോളേജുകളിൽ അനുവദിച്ച കോഴ്സുകളിൽ അടിയന്തരമായി അദ്ധ്യാപകരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം. പരീക്ഷാ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലുമുണ്ടാകുന്ന കാലതാമസം ഒഴിവാക്കണം. കുട്ടികളുടെ അഭാവംമൂലം അടച്ചുപൂട്ടേണ്ടിവരുന്ന എഞ്ചിനീയറിംഗ് കോളേജുകളുടെ

കാര്യത്തിൽ ആവശ്യമായ ഇടപെടലുണ്ടാകണം. അട്ടപ്പാടി രാജീവ് ഗാന്ധി മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിൽ മലയാളം, പബ്ലിക് അഡ്മിനിസ്ട്രേഷൻ എന്നീ വിഷയങ്ങളിൽ പി.ജി. കോഴ്സ് അനുവദിക്കണം.

ശ്രീ. ഐ. ബി. സതീഷിനുവേണ്ടി ശ്രീ. എ. എൻ. ഷംസീർ: 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ മേഖലയെ കച്ചവടവൽക്കരിക്കുന്നതിനുള്ള ശ്രമങ്ങളാണ് കേന്ദ്രസർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഗവേഷണത്തിനുള്ള ഫണ്ടും റിസർച്ച് സീറ്റുകളുടെ എണ്ണവും വെട്ടിക്കുറച്ചത് സംസ്ഥാനത്തെ സർവ്വകലാശാലകളുടെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കേരളത്തിലെ സർവ്വകലാശാലകളെ ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കണം. സർവ്വകലാശാലകളിലെ സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥരുടെ കാലാവധി നിശ്ചയിക്കുന്നതിനുവേണ്ടി ഇത്തരമൊരു ബിൽ കൊണ്ടുവന്ന സർക്കാർ നടപടി സ്വാഗതാർഹമാണ്.

ശ്രീ. റോജി എം. ജോണിനുവേണ്ടി ശ്രീ. വി. പി. സജീന്ദ്രൻ: I move that -

" This House resolves to disapprove The University Laws (Amendment) ( No.2) Ordinance, 2019 (Ordinance No.35 of 2019)."

ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ശിപാർശ പരിഗണിച്ച് സർവ്വകലാശാലകളിലെ രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫൈനാൻസ് ഓഫീസർ എന്നിവരുടെ നിയമന കാലയളവ് ഏകീകരിക്കാനാണ് ഈ ബില്ലിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ഈ ബിൽ പാസ്സാകുന്നതോടെ അധികാര ദുർവിനിയോഗത്തിന്റെ സാധ്യതയേറുകയാണ്.

ശ്രീ. മോൻസ് ജോസഫിനുവേണ്ടി ശ്രീ. എം. ഉമ്മർ: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫൈനാൻസ് ഓഫീസർ എന്നിവരുടെ സർവ്വീസ് കാലാവധി നാലുവർഷമായി നിജപ്പെടുത്തുന്ന ഭേദഗതിയുടെ ഉദ്ദേശ്യശുദ്ധി വ്യക്തമാക്കണം. യൂണിവേഴ്സിറ്റികൾക്ക് നൽകുന്ന തുക ചെലവഴിക്കാത്തതുസംബന്ധിച്ച് അദാലത്ത് നടത്താനും എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയ്ക്ക് ആസ്ഥാനം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങളിൽ ആവശ്യമായ ഇടപെടൽ നടത്താനും തയ്യാറാകണം. കേരള സർവ്വകലാശാല വിദ്യാർത്ഥികളിൽനിന്ന്

പിരിച്ചെടുത്ത ഇൻഷ്വറൻസ് പ്രീമിയം തുക ചെലവഴിച്ചത് സംബന്ധിച്ച് വ്യക്തത വരുത്തണം.

ശ്രീ. കെ. എം. ഷാജി: 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 08-07-2020 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

സർവ്വകലാശാലകളുടെ സംസ്കാരവും പാരമ്പര്യവും തകരുന്നതിന്റെ അടിസ്ഥാന കാരണം പരിശോധിക്കണം. കണ്ണൂർ സർവ്വകലാശാല രജിസ്ട്രാറെ നിയമിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം വിദ്യാഭ്യാസ സംവിധാനത്തെ അപകടപ്പെടുത്തുന്നതാണ്. കാലിക്കറ്റ് സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്ക് സമയബന്ധിതമായി തുല്യതാ സർട്ടിഫിക്കറ്റ് ലഭ്യമാക്കണം.

ശ്രീ. കെ. വി. വിജയദാസിനുവേണ്ടി ശ്രീ. എം. സ്വരാജ്: 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

സർവ്വകലാശാലകളിൽ സിലബസ് പരിഷ്കരണം ആരംഭിച്ചതും മലയാള സർവ്വകലാശാലയ്ക്ക് ഭൂമി ഏറ്റെടുത്തതും ഓപ്പൺ യൂണിവേഴ്സിറ്റി

യാഥാർത്ഥ്യമാക്കിയതും ഈ സർക്കാരിന്റെ കാലത്താണ്. പശ്ചാത്തലസൗകര്യ വികസനത്തിനായി സർവ്വകലാശാലകൾക്ക് ഫണ്ട് അനുവദിച്ചതും ഉന്നതവിദ്യാഭ്യാസ രംഗത്ത് കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞതും സർക്കാരിന്റെ നേട്ടങ്ങളാണ്. രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫൈനാൻസ് ഓഫീസർ തുടങ്ങിയ തസ്തികകളിൽ കാലപരിധി ഏർപ്പെടുത്തുന്നത് കാലോചിതവും സർവ്വകലാശാലകളിലെ തെറ്റായ പ്രവണതകൾ അവസാനിപ്പിക്കാൻ കഴിയുന്നതുമാണ്. മോഡറേഷൻ സംബന്ധിച്ച നയരൂപീകരണത്തിൽ സമവായമുണ്ടാകണം. ഉന്നതവിദ്യാഭ്യാസ രംഗത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന സർക്കാർ നടപടി പ്രശംസനീയമാണ്.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ശിപാർശ പ്രകാരമാണ് സംസ്ഥാനത്തെ ഒമ്പത് സർവ്വകലാശാലകളിലെയും സ്റ്റാറ്റ്യൂട്ടറി ഓഫീസർ തസ്തികകളായ രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫൈനാൻസ് ഓഫീസർ എന്നിവരുടെ നിയമനം നാലുവർഷമായി നിജപ്പെടുത്തുന്ന ഭേദഗതി കൊണ്ടുവന്നത്.

സർവ്വകലാശാലകളുടെ അക്കാദമിക മികവ് മെച്ചപ്പെടുത്തുന്നതിന് പ്രഗത്ഭരായ ആളുകളുടെ സേവനം പ്രയോജനപ്പെടുത്തുകയെന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. സർക്കാർ/എയ്ഡഡ് കോളേജുകളിൽ ഡിഗ്രി/പി.ജി. കോഴ്സുകൾക്ക് സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. മികച്ച അക്കാദമിക യോഗ്യതയുള്ളവരെ വൈസ്ചാൻസലർ പദവികളിൽ നിയമിക്കുകയും സർവ്വകലാശാലകളിൽ സിലബസ് പരിഷ്കരണം ആരംഭിക്കുകയും മലയാളം സർവ്വകലാശാലയ്ക്ക് ഭൂമി ഏറ്റെടുക്കുകയും കലാലയ രാഷ്ട്രീയത്തിന് നിയമപ്രാബല്യം നൽകുകയും ചെയ്തിട്ടുണ്ട്. ഈ ബിൽ യാഥാർത്ഥ്യമാകുന്നതോടുകൂടി സംസ്കൃത സർവ്വകലാശാലയിലും കുസാറ്റിലും പരീക്ഷാ കൺട്രോളർ തസ്തിക സൃഷ്ടിക്കാൻ സാധിക്കും. യൂണിവേഴ്സിറ്റി പരീക്ഷാ ഫലം മേയ് 31-ന് മുമ്പ് പ്രഖ്യാപിക്കുന്ന അവസ്ഥ സംജാതമായതിലൂടെ ക്ലാസുകൾ നേരത്തെ ആരംഭിക്കാൻ സാധിച്ചു. പി.എസ്.സി. മുഖേന സർവ്വകലാശാലകളിൽ അസിസ്റ്റന്റ്/കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളിൽ നിയമനം നടത്തുകയും സർക്കാർ എഞ്ചിനീയറിംഗ്/പോളിടെക്നിക് കോളേജുകളിൽ അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. എയ്ഡഡ് കോളേജുകളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള

നടപടികൾ അന്തിമഘട്ടത്തിലാണ്. കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും രജിസ്റ്റാർ, പരീക്ഷാ കൺട്രോളർ, ഫൈനാൻസ് ഓഫീസർ എന്നീ തസ്തികകൾ ഉറപ്പാക്കാൻ ഈ ഓർഡിനൻസിലൂടെ സാധിച്ചിട്ടുണ്ട്. പോസ്റ്റ് മോഡറേഷന്റെ കാര്യത്തിൽ സമവായത്തിന് തയ്യാറാണ്. ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയങ്ങൾ സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ എന്നിവ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

സഭ വൈകുന്നേരം 4.33-ന് പിരിഞ്ഞു.